**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2938** **18-03-2022 - ൽ മറുപടിയ്ക്ക്**

**വന്യ ജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ വന്യജീവി ആക്രമണത്തിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്; എത്ര പേർക്ക് ഇനിയും നഷ്ടപരിഹാരം ലഭിക്കാനുണ്ട്; | (എ) | സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ 5496 പേർക്ക് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റിട്ടുണ്ട്. ഇതിൽ 4416 പേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. 1080 പേർക്ക് ഇനിയും നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്. |
| (ബി) | നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് അടിയന്തരമായി നഷ്ടപരിഹാരം വിതരണം ചെയ്യുമോ; വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ കുടുംബത്തിനുമുള്ള നഷ്ടപരിഹാരം എത്രയാണെന്ന് വ്യക്തമാക്കുമോ? | (ബി) | നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് അടിയന്തിരമായി നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ്. വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ കുടുംബത്തിനും 05.04.2018 ലെ സ.ഉ (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിച്ചു വരുന്നു. വന്യജീവി ആക്രമണത്താൽ ജീവഹാനി സംഭവിക്കുന്നവരുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും, പരിക്കേറ്റവർക്ക് ചികിത്സയ്ക്ക് പരമാവധി 1 ലക്ഷം രൂപയും സ്ഥായിയായ അംഗവൈകല്യം സംഭവിച്ചാൽ 2 ലക്ഷം രൂപയും നൽകി വരുന്നുണ്ട്. പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ചികിൽസാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും അനുവദിക്കുന്നതാണ്. ചികിൽസാ ചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിൽസാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജ്ജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. |

സെക്ഷൻ ഓഫീസർ